അണ കെട്ടുന്നതോ
പൊട്ടുന്നതോ
പ്രശ്നം?

**വരുംകാലത്ത് ഡാമുകൾക്ക് താഴെ വസിക്കുന്ന ദശലക്ഷക്കണക്കിനാളുകളുടെ ജീവനും ജീവിതവൃത്തിക്കും മേലുയരുന്ന ചോദ്യങ്ങൾക്ക് ഉത്തരമായിരിക്കും മുല്ലപ്പെരിയാർ ഡാമിന്റെ ഡീകമ്മീഷനിംഗ് എന്ന്**

**ഫോറം ഫോർ പോളിസി ഡയലോഗ് ഓൺ വാട്ടർ കോൺഫ്ളിക്ട്സ് ഇൻ ഇന്ത്യ**

# മുല്ലപ്പെരിയാർ ഡാം ഡീകമ്മീഷൻ ചെയ്യുക

(മുല്ലപ്പെരിയാർ പ്രശ്നം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് പ്രധാനമന്ത്രി മൻമോഹൻ സിംഗിന് അയച്ച തുറന്ന കത്ത്)

**കഴിഞ്ഞ** കുറേ വർഷങ്ങളായി മുല്ലപ്പെരിയാർ വിഷയത്തിൽ ഇടപെട്ടുകൊണ്ടിരിക്കുന്നവരാണ് ഞങ്ങൾ. 116 വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ അണക്കെട്ട് കേന്ദ്രബിന്ദുവായി ഉണ്ടായിരിക്കുന്ന, റിക്ടർ സ്കെയിലിൽ 3.4 രേഖപ്പെടുത്തിയ ഭൂചലനങ്ങളുടെ പശ്ചാത്തലത്തിൽ ഞങ്ങളും ആശങ്ക അറിയിക്കാനാഗ്രഹിക്കുന്നു. റിക്ടർ സ്കെയിലിൽ 6.5 രേഖപ്പെടുത്തുന്ന ഭൂചലനങ്ങൾ ഇനിയും മുല്ലപ്പെരിയാറിന്റെ അടിത്തറയിളക്കുമെന്നും ഡാം തകരാനിടയുണ്ടെന്നും റൂർക്കി ഐ.ഐ.ടി പഠനങ്ങൾ വെളിപ്പെടുത്തുന്നുണ്ട്. ഈ മേഖല ഭ്രംശനസാധ്യതയുള്ളതാണെന്നും ആറിൽ കൂടുതൽ റിക്ടറിൽ രേഖപ്പെടുത്തുന്ന ചലനങ്ങൾ ഉണ്ടാകുമെന്നും കേരളത്തിലെ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കാലാവസ്ഥാവ്യതിയാനത്തിന്റെ ഭാഗമായി പശ്ചിമഘട്ടത്തിലെ ഈ മേഖലയിലുണ്ടായിക്കൊണ്ടിരിക്കുന്ന മഴയുടെ രീതികളിലുണ്ടായ വ്യത്യാസവും ദുരന്തത്തിനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു. മുല്ലപ്പെരിയാറിനു താഴെയായാണ് 65 ച.കി.മീ. ജലാശയവും 1440 ദശലക്ഷം ക്യുബിക് മീറ്റർ വെള്ളം വൈദ്യുതോല്പാദനത്തിനായി (780 MW) തിരിച്ചുകൊണ്ടുപോകുകയും ചെയ്യുന്ന ഇടുക്കി ആർച്ച് ഡാം സ്ഥിതിചെയ്യുന്നത്. മുല്ലപ്പെരിയാർ തകർന്നാൽ ഇടുക്കി ഡാമിനുണ്ടാകുന്ന തകർച്ച ഊഹിക്കാവുന്നതിലപ്പുറമാണ്.

## ഊഹത്തിനപ്പുറമുള്ള ദുരന്തം

1979 മുതൽ തമിഴ്നാടും കേരളവും തമ്മിലുള്ള ജലതർക്കം ആരംഭിച്ചതാണ്. ഇപ്പോൾ സുപ്രീം കോടതി ഉന്നതാധികാരസമിതിയുടെ മുൻപിലാണ് കേസ്. 1895 ഒക്ടോബർ 11ന് കേരള-തമിഴ്നാട് സംസ്ഥാനങ്ങൾ തമ്മിലൊപ്പുവെച്ച 999 വർഷത്തെ കരാറിനു ശേഷമാണ് അണക്കെട്ട് പ്രവർത്തനമാരംഭിച്ചത്. പ്രധാന ഡാമിന്റെ നീളം 360 മീറ്ററും ബേബി ഡാമിന്റേത് 76 മീറ്ററും ആണ്. 155 അടി നീ

ളമുള്ള അണക്കെട്ടിന്റെ വൃഷ്ടിപ്രദേശം 648 ച.കി.മീറ്ററും ജലാശയവിസ്തൃതി 29 ച.കി.മീ. ആണ്. പശ്ചിമഘട്ടത്തിലെ ശിവഗിരിക്കുന്നുകളിൽ നിന്നുമുദ്ഭവിക്കുന്ന പെരിയാറിന്റെ പ്രധാന കൈവഴികളിലൊന്നായ പടിഞ്ഞാറോട്ടൊഴുകുന്ന മുല്ലപ്പെരിയാർ മുഴുവനായും കിഴക്കോട്ടൊഴുകുന്ന വൈഗൈ നദീതടത്തിലേക്ക് ജലസേചനത്തിനും വൈദ്യുതോല്പാദനത്തിനുമായി തിരിച്ചുവിട്ടിരിക്കുകയാണ്. വിള്ളലുകളും ചോർച്ചയും കണ്ടതിനെ തുടർന്ന് 15.6 ഠങഇ അടി മൊത്തം സംഭരണശേഷിയുള്ള ഡാമിന്റെ ജലനിരപ്പ് 1979 മുതൽ 136 അടിയാക്കി നിലനിർത്തിയിരിക്കുകയാണ്. ഈ നിരപ്പിൽ ഇപ്പോൾ ഡാമിന്റെ സംഭരണശേഷി 10–11 ഠങഇ അടി വരെയാണ്. 925 ചകിമീ. വ്യാപിച്ചുകിടക്കുന്ന വൃഷ്ടിപ്രദേശത്തുൾപ്പെട്ട പെരിയാർ കടുവാസങ്കേതവും ഈ മേഖലയുടെ പാരിസ്ഥിതികമൂല്യം വർദ്ധിപ്പിക്കുന്നു.

അണക്കെട്ട് തകർന്നാൽ പുഴയുടെ കീഴ്ത്തടത്തിൽ സംഭവിക്കാവുന്ന ദുരന്തത്തിന്റെ ജീവിക്കുന്ന ഉദാഹരണമാണ് രാജസ്ഥാനിലെ ജോധ്പൂർ ജില്ലയിലെ ലൂനി നദീതടത്തിലുണ്ടായ, 118 വർഷം പ്രായമുള്ള ജസ്വന്ത്സാഗർ ഡാമിന്റെ തകർച്ച. 100 വയസ്സ് കഴിഞ്ഞ നൂറിലേറെ വലിയ ഡാമുകളും 50–100നും ഇടയിൽ പ്രായമുള്ള നാനൂറോളം വലിയ ഡാമുകളും ഇന്ത്യയിലുണ്ട്. ഇവയുടെ കാലപ്പഴക്കത്തെയും പ്രവർത്തനത്തെയും സംബന്ധിച്ച് വ്യക്തമായ പദ്ധതിയും നിയമങ്ങളും ഇന്ത്യൻ ഗവൺമെന്റ് ഉടൻ തയ്യാറാക്കേണ്ടിയിരിക്കുന്നു.

മറ്റൊരു പ്രധാന കാര്യം ദുരന്തമുണ്ടായാലുള്ള മുൻകരുതൽ നടപടികളാണ്. വർഷങ്ങളായി ഡാം ഭീഷണിയായി തുടരുന്നുവെങ്കിലും കേരളം ഇനിയും ഒരു അണക്കെട്ട് തകർച്ചാവിലയിരുത്തലോ (Dam Break Analysis) ഡാം തകർന്നാൽ വെള്ളം പോകാനിടയുള്ള വഴി രേഖപ്പെടുത്തുകയോ (Mapping of the course of flow) താഴെയുള്ള ഡാമുകൾക്കടക്കം കീഴ്ത്തടത്തിൽ ദുരന്തം വരുത്തുന്ന ആഘാതങ്ങളെക്കുറിച്ച് പഠനവുമൊന്നും നടത്തിയിട്ടില്ല. ഒരു പുതിയ ഡാം എന്ന ആവശ്യമാകട്ടെ ദുരന്തനിവാരണ പദ്ധതികളെ വീണ്ടും തടസ്സപ്പെടുത്തുകയും ചെയ്യും.

**ജനങ്ങൾക്കും പരിസ്ഥിതിക്കും ഭീഷണിയാണ് മുല്ലപ്പെരിയാർ ഡാം എന്ന് പ്രഖ്യാപിക്കുക. 115 വർഷം പഴക്കം ചെന്ന ഡാം ഉടൻ ഡീകമ്മീഷൻ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുക**

അന്താരാഷ്ട്രതലത്തിൽ വലിയ ഡാം നിർമ്മാതാക്കളായ അമേരിക്ക പോലും അണക്കെട്ടുകൾക്കൊരു നിശ്ചിത ആയുസ്സുണ്ടെന്നും അതിനപ്പുറം അവ സുരക്ഷിതമല്ലെന്നും തിരിച്ചറിഞ്ഞിരിക്കുകയാണ്. ഏകദേശം 40–50 വർഷമാണ് ഒരു ഡാമിന്റെ ഏറ്റവും സുരക്ഷിതമായ ആയുസ്സ്. അതിനുശേഷം അതിന്റെ പ്രവർത്തനക്ഷമത കുറയുകയും പിന്നീട് കേടുപാടുകൾ പരിഹരിക്കുന്നതിനായി തന്നെ ലാഭത്തിന്റെ ഭൂരിഭാഗം ചെലവഴിക്കേണ്ടിയും വരുന്നു. അണക്കെട്ടുകളും നദീജലം തിരിച്ചുവിടുന്നതുമെല്ലാം കാരണം പരിസ്ഥിതിക്കും സമ്പദ്‌വ്യവസ്ഥയ്ക്കും ജീവിതവൃത്തിയ്ക്കുമെല്ലാം വരുന്ന ആഘാതങ്ങൾ ഇവർ നേരിട്ടുകൊണ്ടിരിക്കുകയാണ്. അതിനാൽ ഇവിടങ്ങളിലൊക്കെ ഒഴുക്കും മത്സ്യബന്ധനവും വീണ്ടെടുക്കാനും പുഴയെ തിരിച്ചുപിടിക്കാനുമായി അണക്കെട്ടുകൾ മുഴുവനായോ ഭാഗികമായോ ഡീകമ്മീഷൻ ചെയ്തുകൊണ്ടിരിക്കുകയാണ്. പദ്ധതി തയ്യാറാക്കുമ്പോൾ തന്നെ അണക്കെട്ട് പൊളിക്കുന്നതിനുള്ള ചെലവും ഇപ്പോൾ നിർണ്ണയിച്ചുവെക്കാറുമുണ്ട്.

തമിഴ്നാടിന്റെ ജലത്തിനുള്ള ആവശ്യം അംഗീകരിച്ചുകൊണ്ടു തന്നെ ഞങ്ങൾ പറയുന്നു, ഭീതിദമായ ഡാം നിലനിൽക്കെ ജീവിക്കാനുള്ള അവകാശം (Right to Life), നല്ല പരിസ്ഥിതിയുടെ നിലനിൽപിനുള്ള അവകാശം (Right to Clean Environment) എന്നിവയും നിയമം മൂലം പരിഗണിക്കപ്പെടേണ്ടതും ഉറപ്പുവരുത്തേണ്ടതുമാണ്. മുൻകരുതൽ വ്യവസ്ഥകളും (Precautionary Principles) തലമുറകളുടെ സമത്വത്തിനായുള്ള വ്യവസ്ഥകളും (Principles of Intergenerational equity) സുപ്രീം കോടതി ഉറപ്പുതരുന്ന ഒന്നാണ്. ഇപ്പോൾ നിലനിൽക്കുന്ന ഭീഷണിയുടെ സാഹചര്യത്തിൽ മുൻകരുതൽ വ്യവസ്ഥ തീർച്ചയായും പരിഗണിക്കപ്പെടേണ്ടതാണ്. പ്രകൃതിവിഭവങ്ങൾ വരുതലമുറയ്ക്ക് വേണ്ടി കൂടി സംരക്ഷിക്കുന്നതും ഒരു സർക്കാറിന്റെ ധാർമ്മിക ഉത്തരവാദിത്തമാണ്. എന്നാൽ 1890ൽ ഇന്ത്യൻ ഭരണഘടനയോ മേൽപ്പറഞ്ഞ നിയമങ്ങളോ നിലവിലില്ല. ഈ നിയമങ്ങളിന്മേൽ യാതൊരു വിധികളും അപ്പോൾ പുറത്തുവന്നിട്ടുമില്ല. അതിനാൽ ഇപ്പോൾ നിലവിലുള്ള മുല്ലപ്പെരിയാർ വിഷയത്തിൽ ഭരണഘടനാ അവകാശങ്ങൾക്കും പ്രസ്തുത വ്യവസ്ഥകൾക്കും കരാറിൽ പറഞ്ഞ പ്രകാരമുള്ള പ്രാധാന്യമെങ്കിലും നൽകേണ്ടതാണ്. മേൽപ്പറഞ്ഞതിനുള്ള പരിഹാരമായി ഞങ്ങൾ നിർദ്ദേശിക്കുന്ന കാര്യങ്ങൾ പരിഗണിക്കണമെന്നഭ്യർത്ഥിക്കുന്നു.

1. ജനങ്ങൾക്കും പരിസ്ഥിതിക്കും ഭീഷണിയാണ് മുല്ലപ്പെരിയാർ ഡാം എന്ന് പ്രഖ്യാപിക്കുക. 115 വർഷം പഴക്കം ചെന്ന ഡാം ഉടൻ ഡീകമ്മീഷൻ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുക. ഇന്ത്യയിൽ ഒരു ഡാമും ഡീകമ്മീഷൻ ചെയ്തിട്ടില്ലെന്ന് ഞങ്ങൾക്കറിയാം. പക്ഷേ വരുംകാലത്തും ഡാമുകൾക്ക് താഴെ വസിക്കുന്ന ദശലക്ഷക്കണക്കിനാളുകളുടെ ജീവനും ജീവിതവൃത്തിക്കും മേലുയരുന്ന ചോദ്യങ്ങൾക്ക് ഉത്തരമായിരിക്കും അത്തരത്തിലൊരു തീരുമാനം.

2. കേരളം ഇപ്പോൾ പറഞ്ഞിരിക്കുന്ന പുതിയ ഡാം ഉയർന്ന ക്ഷമതയും കൂടുതൽ ഉയരവുമുള്ളതും തമിഴ്നാടിന് വെള്ളം മുഴുവൻ നൽകാമെന്നുറപ്പ് തന്നുകൊണ്ടുള്ളതുമാണ്. എന്നാൽ ഇതാണൊരേയൊരു പോംവഴി എന്ന് ഞങ്ങൾ കരുതുന്നില്ല. കരാറിന് 875 വർഷത്തെ കാലാവധി ഇനിയുമുണ്ട്! അടുത്ത ദശകങ്ങളിൽ പുതിയ ഡാമും ഇപ്പറഞ്ഞ പ്രശ്നങ്ങൾക്ക് കാരണമായേക്കാം. അതിനാൽ പരിഹാരം ദീർഘകാലത്തേയ്ക്ക് നിലനിൽക്കുന്നതും വീണ്ടും പ്രശ്നങ്ങൾ വരുത്തിവെക്കാത്തതുമാകണം. അതിനാൽ ജലം സംഭരിക്കുന്നതിനും കാര്യക്ഷമമായി ഉപയോഗിക്കാനുമുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്ന് ഞങ്ങൾ ശക്തിയായി ആവശ്യപ്പെടുന്നു. ഞങ്ങൾ പറഞ്ഞ കാര്യം പരിഗണിക്കുമെന്നും വരുംചർച്ചകൾക്ക് ഞങ്ങൾ തയ്യാറാണെന്നും അറിയിച്ചുകൊള്ളുന്നു.